(എഫ്) അർഹതയുള്ള നാലാം ക്ലാസ് ജീവനക്കാരെ ഈ കാലയളവിൽ പ്രമോട്ടു ചെയ്തു നിയമിക്കാത്തത് എന്തുകൊണ്ട്;

(ജി) ഇതുപോലെ സർവ്വീസ് നീട്ടിക്കൊടുത്ത എത്ര ജീവനക്കാർ വിദ്യാഭ്യാസ വകുപ്പിൽ ഉണ്ട്;

(എച്ച്) ടി ജീവനക്കാരനെ 60 വയസ്സുവരെ തുടരാൻ അനുവദിച്ച ഉത്തരവ് മറ്റു വകുപ്പുകളിൽ കൂടി ബാധകമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയുടെ ഭരണകാര്യത്തിൽ സ്റ്റേറ്റ് ലൈബ്രേറിയൻ അഴിമതി കാണിക്കുന്നുണ്ടെന്ന ആരോപണം ഉൾക്കൊള്ളുന്ന പല പരാതികളും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പരാതികളെപ്പറ്റി വിശദമായ അന്വേഷണങ്ങൾ നടത്തുകയുണ്ടായി. വിവരം പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ സമിതിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി, ഇ) പ്രസ്തുത ജീവനക്കാരൻ 55-ാം വയസ്സിൽ പെൻഷൻ പറ്റിയതിനുശേഷം 60 വയസ്സുവരെ തുടരുന്നതിനുള്ള അർഹതയെപ്പറ്റി അപേക്ഷിക്കുകയും പരിശോധനയിൽ ജാനിറ്റർ തസ്തിക 4-ാം ക്ലാസ്സിൽപെടുന്നതാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു. നാലാംക്ലാസ് ജീവനക്കാർക്ക് 60 വയസ്സുവരെ സർവ്വീസിൽ തുടരാൻ അർഹതയുള്ളതിനാൽ ടി ജാനിറ്ററെ തിരിച്ച് സർവ്വീസിൽ പ്രവേശിപ്പിക്കുകയാണുണ്ടായത്. ജാനിറ്റർ പെൻഷനായതോടുകൂടി മറ്റൊരു നിലവിലില്ലാത്തതായ ഈ തസ്തിക നിർത്തൽ ചെയ്യുകയുണ്ടായി. അതിനാൽ ഈ പ്രശ്നം ഉദിക്കുന്നില്ല.

(എഫ്) ഇ യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ജി) 13.12.78-വരെ 5 പേർ

(എച്ച്) ജാനിറ്റർ തസ്തിക മറ്റു വകുപ്പുകളിൽ ഇല്ല. ആകയാൽ ഈ പ്രശ്നം ഉദിക്കുന്നില്ല.

എയിഡഡ് സ്ക്കൂൾ അദ്ധ്യാപകർക്ക് കേരളാ സർവ്വീസ് റൂൾസ് ബാധകമാക്കാൻ നടപടി

1151 [1839] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്ക്കൂൾ അധ്യാപകർക്ക് കേരളാ സർവീസ് റൂൾസ് മുഴുവനും ബാധകമാക്കുന്നതിന് നടപടി കൈക്കൊള്ളുമോ;

(ബി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഈ നിയമം ബാധകമാക്കിയ പരിതഃസ്ഥിതിയിൽ എയ്ഡഡ് സ്ക്കൂൾ അദ്ധ്യാപകരെയും അതിൽ ഉൾപ്പെടുത്തുന്നതിനു എന്താണ് തടസ്സം;

(സി) നിയമനാധികാരം ഒഴിച്ച് മറ്റു കാര്യങ്ങളിലെങ്കിലും സർവ്വീസ് റൂൾസ് ബാധകമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി, സി) ലീവ്, പെൻഷൻ എന്നീ കാര്യങ്ങളിൽ ഇപ്പോഴത്തെ കേരളാ സർവ്വീസ് റൂൾസ് എയ്ഡഡ്സ്കൂൾ അദ്ധ്യാപകർക്ക് ബാധകമാക്കിയിട്ടുണ്ട്. പ്രസ്തുത അദ്ധ്യാപകരുടെ നിയമനാധികാരം മാനേജർമാരിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ, കെ.എസ്.ആർ. ലെ മറ്റു ചട്ടങ്ങൾ ബാധകമാക്കുവാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്.

എയിഡഡ് പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർമാരെ ഡ്രോയിംഗ് ഓഫീസർമാരായി അംഗീകരിക്കാൻ നിർദ്ദേശം

1152 [1840]. ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർമാരെ ഡ്രോയിംഗ് ഓഫീസർമാരായി അംഗീകരിക്കാത്തത് എന്തുകൊണ്ടാണ്;

(ബി) ഗവൺമെന്റ് പ്രൈമറി സ്കൂളുകളിലെ ഹെഡ് മാസ്റ്റർമാർക്ക് ഈ അധികാരം നൽകിയിരിക്കുന്നതുപോലെ എയിഡഡ് സ്കൂളിലെ ഹെഡ്മാസ്റ്റർമാർക്കും ഈ അധികാരം നൽകുമോ;

(സി) അധികാരം നൽകാത്ത എയിഡഡ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ടെസ്റ്റ് കാളിഫിക്കേഷൻ വേണമെന്നു നിർബന്ധിക്കുന്നതിനു കാരണമെന്ത്?

ഉത്തരം

(എ) ഗവൺമെന്റ് ജീവനക്കാരല്ലാത്തവരെ ഡ്രോയിംഗ് ഓഫീസർമാരായി അംഗീകരിക്കാൻ ഗവൺമെന്റിന് പലകാരണങ്ങളാലും ബുദ്ധിമുട്ടുണ്ട്.

(ബി) മുൻപറഞ്ഞ കാരണത്താൽ പ്രയാസമാണ്.

(സി) പ്രൈമറി ഹെഡ്മാസ്റ്റർമാരായി പ്രൊമോഷൻ ലഭിക്കാൻ നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിൽ ഒന്നാണ് ടെസ്റ്റ് കാളിഫിക്കേഷൻ. അതിന് അധികാരം നൽകലുമായി ബന്ധമില്ല.

സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ഒഴിവുകളിൽ നിയമനം നടത്താൻ നടപടി

1153 [1841] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് പ്രൈമറി സ്കൂളുകളിൽനിന്ന് റിട്ടയർ ചെയ്ത സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പോസ്റ്റുകളിൽ വീണ്ടും നിയമനം നടത്തുന്നതിന് ഇപ്പോൾ അനുവദിക്കപ്പെടാത്ത പരിതഃസ്ഥിതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly